# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1904 15.7.2016-ൽ മറുപടിയ്ക്ക്
## കേരള ലൈവ്സ്റ്റോക്ക് ആക്ട് 1961

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.രാജഗോപാലൻ | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |
| എ) കേരള ലൈവ് സ്റ്റോക്ക് ആക്ട് 1961, പ്രകാരം നാടൻ പശുക്കളെ ബ്രീഡ് ചെയ്യാൻ പാടില്ല എന്ന നിയമം സംസ്ഥാനത്ത് നിലവിലുണ്ടോ; വ്യക്തമാക്കുമോ; | എ) നാടൻ പശുക്കളെ ബ്രീഡ് ചെയ്യാൻ പാടില്ല എന്ന നിയമം സംസ്ഥാനത്ത് നിലവിലില്ല. |
| ബി) നാടൻ പശുക്കളെ ബ്രീഡ് ചെയ്യാൻ പാടില്ലെന്നും നിയമവിരുദ്ധമായി ബ്രീഡു ചെയ്യുകയാണെങ്കിൽ 3 മാസം വരെ ശിക്ഷ നൽകാവുന്നതാണെന്നും നിയമം അനുശാസിക്കുന്നുണ്ടോ; | ബി) നാടൻ പശുക്കളെ ബ്രീഡ് ചെയ്യിക്കുന്നതിന് ശിക്ഷ നൽകുന്ന തരത്തിൽ യാതൊരു നിയമവും നിലവിലില്ല. എന്നാൽ കേരളത്തിന്റെ കന്നുകാലി പ്രജനന നയത്തിന് വിരുദ്ധമായി, മൃഗസംരക്ഷണ വകുപ്പിന്റെ ലൈസൻസില്ലാതെ വിത്തുകാളയെ പ്രജനനത്തിനുപയോഗിച്ചാൽ പിഴ ശിക്ഷ ഈടാക്കുന്നതാണ്. |
| സി) എങ്കിൽ ഈ നിയമം മൂലം നാടൻ പശുക്കൾ, വംശനാശ ഭീഷണിയിലാകുന്നതിനാൽ 1961 ലെ ലൈവ്സ്റ്റോക്ക് ആക്ട് ഭേദഗതി ചെയ്ത് ഇവയുടെ സംരക്ഷണം ഉറപ്പുവരുത്തുമോ? | സി) നാടൻ പശുക്കളെ വളർത്തുന്നതിന് നിയമതടസ്സമില്ല. നാടൻ പശുക്കളുടെ സംരക്ഷണം ഉറപ്പ് വരുത്തുന്നതിന് നിലവിലുള്ള ലൈവ്സ്റ്റോക്ക് ആക്ട് ഭേദഗതി ചെയ്യേണ്ടതില്ല. നാടൻ പശുക്കളുടെ വംശനാശഭീഷണി ഇല്ലാതാക്കുന്നതിനായി വകുപ്പിന്റെ കീഴിൽ കാസർഗോഡ് ജില്ലയിൽ ബദിയഡുക്കയിൽ നാടൻ പശുക്കളുടെ ഒരു ഫാം ആരംഭിച്ചിട്ടുണ്ട്. അവിടെ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന നാടൻ ജനുസ്സുകളെ സംരക്ഷിച്ചു വരുന്നു. കേരളത്തിന്റെ തനത് നാടൻ ജനുസ്സുകളായ വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നിവയുടെ വംശ വർദ്ധനവിനു വേണ്ടി ഇവയുടെ ഗാഢശീതീകരിച്ച ബീജം ആവശ്യമുള്ള കർഷകർക്ക് കെ.എൽ.ഡി.ബോർഡ്, മൃഗാശുപത്രികൾ വഴി ലഭ്യമാക്കി വരുന്നു. കൂടാതെ കെ.എൽ.ഡി.ബോർഡ് നടപ്പിലാക്കുന്ന പദ്ധതി പ്രകാരം ഈ ഇനം പശുക്കളുടെ സംരക്ഷണത്തിനു വേണ്ടി ഇവയെ പരിപാലിക്കുന്ന കർഷകർക്ക് ഒറ്റത്തവണ സഹായധനമായി 10,000/- (രൂപ പതിനായിരം) രൂപാവീതം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ